8

# “രാജ്യവും ശക്തിയും മഹത്വവും നിനക്കുള്ളതല്ലോ”

''ദുഷ്ടങ്കൽ നിന്നു ഞങ്ങളെ വിടുവിക്കേണമേ'' എന്നു പറഞ്ഞുകൊണ്ടാണ് അമേരിക്കൻ സ്റ്റാൻഡാർഡ് വെർഷനിലെ മത്തായി 6:9-13 വരെയുള്ള ശിഷ്യന്മാരുടെ പ്രാർത്ഥന അവസാനിക്കുന്നത് എങ്ങനെയായാലും, ന്യൂ അമേരിക്കൻ സ്റ്റാൻഡാർഡ് ബൈബിൾ അവസാനിപ്പിക്കുന്നതു മനോഹരമായ ഉപസംഹാരത്തോടെയാണ്. “... [രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ. ആമേൻ]” (മത്തായി 6:13).

ദൈവശ്വാസിയമല്ലാതെ കൂട്ടിച്ചേർത്താണ് ഈ വാക്കുകൾ എന്നു പൂർണ്ണമായും ജെ.ഡബ്ലിയു. മെക് ഗാർവേക്കു ബോധ്യമായി.[1] അദ്ദേഹം പറഞ്ഞു, “ഈ പ്രസ്താവന നല്ലകാരണത്താൽ ത്യജിക്കാവുന്നതാണ്, കൂട്ടിച്ചേർത്ത ഒന്നായതുകൊണ്ട്'' ഏ എസ്. വി തർജ്ജിമക്കാർ അവസാനമായ ഈ വാക്കുകൾ ചേർക്കുവാൻ തക്കതെളിവുകൾ ഉണ്ടെന്നു അറിയുവാൻ ആഗ്രഹിക്കുന്നു, കാരണം അവരുടെ കുറിപ്പുകൾ വായിക്കുന്നു, “പല അധികാരികളും, ചില പുരാതന ആളുകളും, വ്യത്യാസത്തോടു കൂടി, ചേർത്തിരിക്കുന്നു ഫോർ ദൈൻ ഈസ് ദ കീങ്ങ്ഡം, ആന്റ് ദ പവ്വർ, ആന്റ് ദ ഗ്ലോറി, ഫോർ എവർ. ആമേൻ.”

ചില പുരാതന അധികാരികൾ നല്കുന്ന ഈ സുപരിചിത ഉപസംഹാരം തികച്ചും ബഹുമാനിക്കത്തക്കതാണ് പുതിയനിയമ ഗ്രീക്കു കയ്യെഴുത്തു പ്രതികളിൽ ഇതിനെ ''ഡബ്ലിയു'' എന്നു വിളിച്ചിട്ടുണ്ട് അല്ലെങ്കിൽ “വാഷിങ്ങ്ടൺ” (അതു വാഷിങ്ങ്ടൺ ഡി.സിയിൽ വെച്ചതുകൊണ്ട്) ഈ ''ഡബ്ലിയു'' കയ്യെഴുത്തു പ്രതിയുടെ കാലം ആൽബെർട്ട് ഹുക്ക്[2] കണക്കാക്കിയതു അഞ്ചാം നൂറ്റാണ്ടാണ്, എന്നാൽ ഇന്റർ നാഷണൽ സ്റ്റാൻഡാർഡ് ബൈബിൾ എൻസൈക്ലോപീഡിയ[3] പറയുന്നത് ''നാലാം നൂറ്റാണ്ടിൽ ആയിരിക്കാമെന്നാണ്'' നീണ്ട അവസാനം ഗ്രീക്ക് കയ്യെഴുത്തു പ്രതിയിലുമുണ്ട് തേറ്റാ[4] (അതിൽ പറയുന്നതു ഏഴാം നൂറ്റാണ്ടിനും

ഒമ്പതാം നൂറ്റാണ്ടിനും ഇടക്ക്) അടുത്തകാലത്തെ പണ്ഡിതന്മാർ കൂടുതൽ ശക്തി തേറ്റക്കാണ് എന്നു കണ്ടെത്തിയിരിക്കുന്നു. പഴയ ലാറ്റിൻ കയ്യെഴുത്തു പ്രതിയിൽ സുപരിചിതമായ ഉപസംഹാരം കാണാം, അതിന്റെ കാലം പറഞ്ഞിരിക്കുന്നതു ആറാം നൂറ്റാണ്ടാണ്. കൂടാതെ, സഹോദരൻ മെക്ഗാർവേ പറയുന്നതു, അതു പെശീത്താ, സീരിയങ്കിലും കാണാമെന്നാണ്:

> നമ്മുടെ കാലയളവിൽ രണ്ടാം നൂറ്റാണ്ടിലേതാണ് എന്നു പലതെളിവുകളും ചേർത്തുതെളിയിക്കുന്നു, അതുകൊണ്ട് അതു പുതിയ നിയമ ഭാഗമായി ഗ്രീക്കു വേദപുസ്തകത്തിൽ ആരംഭ എഴുത്തുകാർക്കു നൂറു വർഷങ്ങൾക്കു ശേഷം കൈമാറി കിട്ടിയതാണെന്നും പറയുന്നു. ആ കാലം മുതൽ അതിന്റെ ഇപ്പോഴത്തെ കാലം വരെ സുറിയാനി ക്രിസ്ത്യാനികൾ അവരുടെ സാധാരണ ബൈബിളായി എടുക്കയും അവരുടെ രഹസ്യമായ ആരാധനയിൽ ഉപയോഗിക്കയും ചെയ്യുന്നു .... ബൈബിൾ വിമർശനത്തിനു ഏറ്റവും പറ്റിയതും വിലയേറിയതുമാണ് അത്.[5]

പല പുരാതന കയ്യെഴുത്തു പ്രതികളിലും ഈ മനോഹര പ്രസ്താവന ഉണ്ടെങ്കിലും, കൂടുതൽ പ്രാധാന്യമുള്ളതു വിട്ടു കളഞ്ഞിരിക്കുന്നു. എങ്ങനെയായാലും, ആ വാക്കുകളാൽ പ്രയോഗിച്ചിരുന്ന ചോദ്യം വചനാനുസരണമാണ് (1 ദിനവൃത്താന്തം 29:11; 2 തിമൊഥെയൊസ് 4:18; യൂദാ 25). അതു കൂട്ടിച്ചേർത്തതാണ് എന്നു ആർക്കും തീർത്തുപറയുവാൻ സാധ്യമല്ലാത്തതുകൊണ്ട്, അതിനെക്കുറിച്ചുള്ള ഒരു പഠനത്തിന് സമയം ചെലവിട്ടാൽ, അതു വൃഥാവായി പോകയില്ല.

"രാജ്യവും ശക്തിയും മഹത്വവും നിനക്കുള്ളതല്ലൊ ആമേൻ" (എൻഏഎസ്ബി) എന്നു നിങ്ങൾ പറയുമ്പോൾ അതിശയവും, പുകഴ്ച്ചയും ഭയങ്കരത്വവും നിങ്ങൾക്കു ആരംഭത്തിൽ തോന്നും. നിങ്ങളുടെ എല്ലാ സ്വാതന്ത്ര്യവും നിങ്ങളെയും ഒരുമിച്ചു ദൈവത്തിന്റെ പാദപീഠത്തിൽ വെക്കുന്നു. നിങ്ങളുടെ നാവിൽ നിന്നു പുകഴ്ച്ച ഒഴുകുന്നു. രഹസ്യമായോ, കൂട്ടമായോ പ്രാർത്ഥനയിൽ ഈ വാക്കുകൾ വെറുതെ ആവർത്തിക്കപ്പെടുമ്പോൾ അതു വെറും പരിഹാസ്യമായിത്തീരുന്നു - എന്നാൽ അതു നന്ദിയുള്ളതും താഴ്മയുള്ളതുമായ ഹൃദയത്തിൽ നിന്നു വരുമ്പോൾ, അതിനേക്കാൾ വലിയ ബഹുമതിയില്ല എന്നു പറയാം.

### "രാജ്യം" എന്നതിന്റെ അർത്ഥം

''രാജ്യം നിന്റേത്'' എന്നു പറയുമ്പോൾ എന്താണ് അർത്ഥ മാക്കുന്നത്? എങ്ങനെ പ്രാർത്ഥിക്കണം എന്നു ശിഷ്യന്മാരെ യേശു പഠിപ്പിക്കുമ്പോൾ രാജ്യം വന്നിരുന്നില്ല എന്നു നമുക്കറിയാം. രാജ്യം വരേണമേ എന്നു പ്രാർത്ഥിക്കുവാൻ അവൻ അവരോടു പറഞ്ഞു. അതിനർത്ഥം, അപ്പോൾ, അവസാനമായി അപേക്ഷിക്കുന്ന ഈ രാജ്യം

ദൈവത്തിന്റേതായി അപ്പോൾ ഉണ്ടായിരുന്നോ? ജോസഫ്ഹെൻറി തേയർ പറഞ്ഞു, ഗ്രീക്കു വാക്കായ *ബാസിലേയിയാ* തർജ്ജിമ ചെയ്ത താണ് "രാജ്യം" അർത്ഥം "ഒരു രാജ്യം" എന്നു മാത്രമല്ല, എന്നാൽ "രാജകീയ ശക്തി, രാജത്വം, വാഴ്ച്ച, ഭരണം" എന്നു കൂടെയുണ്ട്. അപ്പോൾ ഇല്ലാതിരുന്ന ഒരു ബാസിലേയിയാ കാണാം, അതു വാഗ്ദാനത്തിലുണ്ടായിരുന്നു ("നിന്റെ രാജ്യം വരേണമേ"; മത്തായി 6:10). പ്രാർത്ഥിക്കേണ്ട വിഷയമാണ് രാജ്യം എന്നു യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു. അപ്പോൾ ഒരു ബാസിലേയിയാ ഉണ്ടാ യിരുന്നു ("രാജ്യം നിന്റേതല്ലൊ") അതെന്തായിരുന്നു? തീർച്ചയായും ദാനിയേൽ പറഞ്ഞ സ്വർഗ്ഗസ്ഥനായ ദൈവം ഒരു രാജ്യം സ്ഥാപിക്കും എന്നു പറഞ്ഞതും അല്ല (ദാനിയേൽ 2:44); ഏ.ഡി. 30 ലെ പെന്തെക്കൊസ്തു നാളിനു വളരെക്കാലം മുൻപു തന്നെ ദൈവത്തിനു ഒരു രാജ്യം ഉണ്ടായിരുന്നു. ആയിരം വർഷങ്ങൾക്കു മുൻപു, ദാവീദ് ദൈവത്തെ സ്തുതിച്ചു അതിനെപ്പറ്റിപറഞ്ഞിട്ടുണ്ട്: "നീ സർവ്വവും ഭരിക്കുന്നു" (1 ദിനവൃത്താന്തം 29:11). ശിഷ്യന്മാരുടെ പ്രാർത്ഥനയിലെ അവസാന അപേക്ഷ, ദാവീദിന്റെ മനസ്സിൽ ഉണ്ടായിരുന്നതു തന്നെ; തേയർ പറഞ്ഞതായിരിക്കാം സങ്കീർത്തനക്കാരൻ അർത്ഥമാക്കിയത്: "രാജകീയ ശക്തി, രാജത്വം, വാഴ്ച്ച, ഭരണം."[7]

രണ്ടാമത്തെ അർത്ഥത്തിൽ എന്തു ചിന്തയാണ് നല്കുന്നത്? അതി നർത്ഥം എല്ലാം ദൈവ ഭരണത്തിൻ കീഴിലാണ്: "വാഴ്ച്ചയും ശക്തിയും അധികാരവും നിന്റേതല്ലൊ" ഇതു ദൈവത്തിന്റെ പ്രപഞ്ചമാണ്, ഇവിടെ ഉള്ളതെല്ലാം ഒന്നുകിൽ ദൈവത്തിന്റെ നിർദ്ദേശത്താൽ അല്ലെങ്കിൽ അവന്റെ അനുവാദത്തോടെ ഉണ്ടായതാണ്. അവന്നു പരിധിയില്ലാത്ത പരമാധികാരം ആണുള്ളത്. അത്തരം അധികാരം ഉള്ള ബൈബിളിലെ ദൈവത്തെ നാം പറയുമ്പോൾ, നാം ആദരിക്കുന്നതു സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായ ഏക ദൈവത്തെയാണ്. മറ്റു ദേവന്മാരെല്ലാം വെറും വിഗ്രഹങ്ങൾ മാത്രം ആണെന്നു നാം ഉറപ്പിച്ചു പറയുന്നു (സങ്കീർത്തനങ്ങൾ 96:5) അതിനുകാണുവാനോ, കേർക്കുവാനോ, മനസ്സിലാക്കുവാനോ കഴിയുന്നില്ല (ദാനിയേൽ 5:23). അഹങ്കാരവും ജ്ഞാനവും (സ്വയം - ദൈവമെന്നു കരുതലും മനസ്സിലുള്ള - ആരാ ധനയും) എന്നിവ മായയും ബലഹീനവുമത്രെ. നാം എവിടെ നില് ക്കുന്നു എന്നു ദൈവം അറിയുവാൻ നാം ആഗ്രഹിക്കുന്നു:

> എന്നാൽ ആകാശത്തിലോ ഭൂമിയിലൊ ദേവന്മാർ എന്നു പേരുള്ളവർ ഉണ്ടെന്നു വരികിലും പിതാവായ ഏക ദൈവമേ നമുക്കുള്ളു; അവൻ സകലത്തിനും കാരണഭൂതനും നാം അവനായി ജീവിക്കേണ്ടതും ആകുന്നു. യേശുക്രിസ്തു എന്ന ഏകകർത്താവും നമുക്കുണ്ട്. അവൻ മുഖാന്തരം സകലവും അവൻ മുഖാന്തരം നാമും ആകുന്നു. എന്നാൽ എല്ലാവരിലും ഈ അറിവില്ല (1 കൊരിന്ത്യർ 8:5, 6).
>
> യഹോവ വാഴുന്നു (സങ്കീർത്തനങ്ങൾ 93:1).

നീ മാത്രം ദൈവം ആകുന്നു (സങ്കീർത്തനങ്ങൾ 86:10).

എന്നാൽ ബാബേലിലെ ദേവന്മാർ[8] തങ്ങൾക്കു തമ്മിൽ പ്രളയം, ശണ്ഠ, കോപം എന്നിവ ഉള്ളവരായി പറയപ്പെടുന്നു[9] ... ബൈബിളിലെ ദൈവം നോഹയെ ദുഷ്ടന്മാരെ, സർവ്വലോകത്തെയും പൂർണ്ണമായി നിയന്ത്രിക്കുന്നു. ബാബേലിലെ ദേവന്മാരുടെ കഥ അവർ യജമാനന്മാരാണെന്നു പറയുന്നില്ല. അവർ വെള്ളത്തെ ഭയപ്പെടുകയും "നായ്ക്കളെ പോലെ ഭീരുക്കളാവുകയും" ചെയ്തിരുന്നു. "രാജ്യം നിന്റേത്" എന്നു പറയുമ്പോൾ, നിങ്ങൾ പറയുന്നതു വാഴ്ച്ചയാണ്. ''യഹോവ നമ്മുടെ ദൈവം, അവൻ ഏകനല്ലോ'' (ആവർത്തന പുസ്തകം 6:4). കാറ്റും കടലും അവനെ അനുസരിക്കുന്നതായി നിങ്ങൾ സമ്മതിക്കുന്നു, എല്ലാ മനുഷ്യരും "അവന്റെ ജനവും അവൻ മേയിക്കുന്ന ആടുകളും തന്നേ" (സങ്കീർത്തനങ്ങൾ 100:3).

പുരാതന പാർസിമതത്തിൽ സൊറാസ്ട്രേനിയസത്തിൽ രണ്ടു വൈപരീത്യ ദേവന്മാരുണ്ടായിരുന്നു. ഓർമന്റ് (നന്മയുടേയും വെളിച്ചത്തിന്റേയും). മറ്റൊന്ന് ആഹ്രിമാൻ (ദുഷ്ടതയുടേയും ഇരുട്ടിന്റേയും).[10] അതിനു നേരെ വിപരീതമായി ബൈബിളിൽ ഏകദൈവമേയുള്ളു. അവൻ കാലത്തിലും ശൂന്യാകാശത്തിലും മനസ്സിലും, വസ്തുവിലും, ആത്മാവിലും യാതൊരു അയോഗ്യതയുമില്ലാതെ ഇരിക്കുന്നു. ഈ ലോകത്തിലുള്ള ദുഷ്ടതക്കു അവൻ ഉത്തരവാദിയാണോ? അല്ല. അവൻ അനീതിയില്ലാത്ത വിശ്വസ്തനായ ദൈവം ആണ് (ആവർത്തനപുസ്തകം 32:4). അവൻ നീതിയും ന്യായവും ഉള്ളവൻ. ദുഷ്ടതയുമുള്ള ലോകത്തിന്റെ ഭരണം, മുഴുവനായും ദൈവത്തിന്റേതു തന്നെ. അവൻ പറയുന്നു, "ഞാൻ പ്രകാശത്തെ നിർമ്മിക്കുന്നു; അന്ധകാരത്തെയും സൃഷ്ടിക്കുന്നു; ഞാൻ നന്മയെ ഉണ്ടാക്കുന്നു, തിന്മയെയും സൃഷ്ടിക്കുന്നു; യഹോവയായ ഞാൻ ഇതൊക്കെയും ചെയ്യുന്നു" (യെശയ്യാവു 45:7).

പേർഷ്യൻ മതത്തെ അറിഞ്ഞിരുന്ന രാജാവായ കോരശിനോടാണ് ദൈവം അതു പറഞ്ഞതു എന്നോർക്കുക. വാഴ്ച്ച അവന്റേതുമാത്രമാണെന്നു കോരശിനേയും നമ്മെയും അവൻ അറിയിക്കുവാൻ ആഗ്രഹിക്കുന്നു. ''ഞാൻ യഹോവ ആകുന്നു; മറ്റൊരുത്തനുമില്ല; ഞാനല്ലാതെ ഒരു ദൈവവുമില്ല" (യെശയ്യാവു 45:5).

ഒരു ദൂതൻ ദൈവ ഭരണത്തിനെതിരായി മത്സരിക്കും (യൂദാ 6) എങ്കിലും അവനും ദൈവത്തിന്റെ കൈക്കീഴിൽ തന്നെയാണ്. അവനെ സ്വർഗ്ഗത്തിൽ നിന്നു തള്ളിവിട്ടതും മഹാദിവസത്തിലെ ന്യായവിധിക്കായി ചങ്ങലയിട്ടു സൂക്ഷിച്ചിരിക്കുന്നതുമാണ്. അത്തരം മത്സരിക്കറിയാം രാജ്യം ദൈവത്തിന്റേതാണ് എന്നും തനിക്കു നേരിടുവാനുള്ള ദണ്ഡനം അറിയുന്നതുകൊണ്ട് അവൻ വിറയലോടെ കഴിയുന്നു. തോട്ടത്തിൽ വെച്ചു ആദാമിനേയും ഹവ്വയെയും പരീക്ഷിച്ചതുപോലെ പരീക്ഷിക്കുവാൻ അവനെ അനുവദിച്ചേക്കാം. ഇയ്യോബിനെ അവൻ പരീക്ഷിച്ചതുപോലെ പരീക്ഷിച്ചേക്കാം; പക്ഷെ അത്തരം പരീക്ഷണം പരിമിതമായിരിക്കും. സ്വർഗ്ഗസ്ഥനായ ദൈവം

അനുവദിക്കുന്നതനുസരിച്ചേ സാത്താനു പ്രവർത്തിക്കാൻ കഴിയൂ. കാരണം ദൈവമാണ് എല്ലാം നിയന്ത്രിക്കുന്നത്. അതുകൊണ്ട് എല്ലാം ദൈവ പദ്ധതി അനുസരിച്ചേ നടക്കുകയുള്ളു. അവനു എങ്ങനെ ഇതു ചെയ്യാൻ കഴിയും? അവനു ഇതു ചെയ്യുവാൻ കഴിയുന്നതു രാജ്യം അവന്റേതായതുകൊണ്ടാണ്. എല്ലാം അവന്നായും അവൻ മുഖാന്തരവുമാണ് നടക്കുന്നത് അവന്റെ അനുവാദത്തോടുകൂടിയാണ് രാജാക്കന്മാർ വാഴുന്നത്, കാരണം അവൻ രാജാധിരാജാവായി എല്ലാറ്റിന്റേയും തലയായി അവൻ ഉയർത്തപ്പെട്ടിരിക്കുന്നു.

ഏ. ഡി. 30 ലെ പെന്തെക്കൊസ്തു നാൾ മുതൽ സ്വർഗ്ഗത്തിലേയും ഭൂമിയിലെയും സകല അധികാരവും തന്റെ ഏകജാതനായ പുത്രനു നല്കിയിരിക്കുന്നു (മത്തായി 28:18; ഫിലിപ്പിയർ 2:16). ആ പുത്രൻ ഇപ്പോൾ തന്റെ രാജ്യത്തിന്റെ മാത്രമല്ല (വിളിക്കപ്പെട്ടവർ, രാജ്യത്തിന്റെ പുത്രന്മാർ), എന്നാൽ അവൻ ഭൂമിയിൽ സകലത്തിന്റേയും പ്രഭുവാണ് (വെളിപ്പാട് 1:5). കാലാവസാനം അവൻ അങ്ങനെതന്നെ തുടരും (1 കൊരിന്ത്യർ 15:24), അവസാനം അവൻ രാജ്യം പിതാവിനു ഏല്പിച്ചുകൊടുക്കും.

തീർച്ചയായും, എല്ലാം കീഴാക്കികൊടുത്തവൻ ഒഴിച്ചത്രെ എല്ലാം കീഴ്പ്പെട്ടിരിക്കുന്നത്, "അവൻ രാജ്യം പിതാവിനു ഏല്പിക്കുമ്പോൾ അവനേയും നമ്മേയും, മറ്റെല്ലാം മഹാദൈവത്തിനു ഏല്പിച്ചു കൊടുക്കും. അങ്ങനെ അവൻ എല്ലാറ്റിലും എല്ലാം ആകും'' (1 കൊരിന്ത്യർ 15:28). അവന്റെ അപ്രമേയമായ ദാനങ്ങൾക്കും കൃപക്കും നന്ദി! നമ്മുടെ ദൈവത്തിനും അവന്റെ ജ്ഞാനത്തിനും അവന്റെ ആലോചനക്കും സ്തോത്രം!

## ''ശക്തിയും''

### ഭൗതിക ശക്തി

ദൈവരാജ്യത്തിന്റെ അർത്ഥത്തെക്കുറിച്ചു ചിന്തിച്ചപ്പോൾ, നാം ശിഷ്യന്മാരുടെ പ്രാർത്ഥനയിലെ അവസാന യാചനയിലെ രണ്ടാമതൊരു കാര്യം കൂടെ കണ്ടു: "ശക്തി" സർവ്വശക്തന്റെ ശക്തിയെ നാം കണ്ടുമുട്ടുമ്പോൾ നാം വിസ്മയിച്ചു പോകും! അവൻ ഈ മനോഹര ഭൂമിയെയും, മനസിനെയും, വസ്തുവിനെയും സൃഷ്ടിക്കുക മാത്രമല്ല, എന്നാൽ അതിനെ ഒന്നുമില്ലായ്മയിൽ നിർത്തിയിരിക്കുന്നു (ഇയ്യോബ് 26:7). അവന്റെ ഭൗതിക പ്രപഞ്ചം വിശാലമാണ്, അതു തന്റെ സൃഷ്ടിയുടെ ഒരു ചെറിയ കാര്യമാണ്, മനുഷ്യന്റെ ശക്തിയുള്ള ദൂരദർശിനിക്കു അതിന്റെ വിസ്തൃതി അളക്കുവാൻ സാധ്യമല്ല. മണിക്കൂറിൽ ആയിരം മൈൽ ചുറ്റുവാൻ ലോകത്തെ ഒന്നുമില്ലായ്മയിൽ വെച്ചിരിക്കുകമാത്രമല്ല, രാത്രിയും പകലും ഉണ്ടാക്കുകയും, അദൃശ്യമായ ഒരു പാതയിലൂടെ നമ്മുടെ ലോകത്തെ, ദശകോടിക്കണക്കിനു മൈലുകൾ നീളത്തിലും, ഒരു സെക്കന്റിൽ പതിനെട്ടു മൈൽ വേഗതയിലും സൂര്യനു ചുറ്റും സഞ്ചരിക്കുന്നു. പ്ലൂട്ടോക്കുള്ള അവന്റെ വഴി 3 1/2 ദശകോടി മൈലുകൾ നീളത്തിലാണ് – ഇതുവരെ

പ്ലൂട്ടോക്ക് ഒരു പ്രാവശ്യം സൂര്യനെ വലം വെക്കുവാൻ 248 വർഷം വേണ്ടി വന്നിട്ടുണ്ട്. ഒരു റേഡിയോ സന്ദേശം ലോകത്തിൽ സഞ്ചരിക്കുന്നതു സെക്കന്റിൽ ഏഴു പ്രാവശ്യമാണ്, എന്നാൽ ഇതുവരെ ഏറ്റവും അടുത്തുള്ള ഒരു നക്ഷത്രത്തിൽ നിന്നു അതേ സന്ദേശം ഭൂമിയിൽ എത്തിക്കുവാൻ നാലുവർഷത്തിൽ കൂടുതൽ വേണ്ടി വന്നിട്ടുണ്ട്. "നിങ്ങൾ കണ്ണു മേലോട്ടു ഉയർത്തി നോക്കുവിൻ; ഇവയെ സൃഷ്ടിച്ചതാർ? അവൻ അവയുടെ സംഖ്യാക്രമത്തിൽ പുറപ്പെടുവിക്കയും അവയെ എല്ലാം പേർ ചൊല്ലിവിളിക്കയും ചെയ്യുന്നു അവന്റെ വീര്യമാഹാത്മ്യം നിമിത്തവും അവന്റെ ശക്തിയുടെ ആധിക്യം നിമിത്തവും അവയിൽ ഒന്നും കുറഞ്ഞു കാണുകയില്ല" എന്നു യെശയ്യാവു 40:26 (ഏഎസ്‌വി) പറയുന്നു. ഈ എഴുത്ത് മാസെച്ചുസെറ്റ്സിലെ, വില്ല്യംസ് ടൗണിലുള്ള വില്ല്യംസ് കോളേജിലെ ഹോപ്റ്റിൻസ് ഒബ്സർവേറ്ററിചുമരിൽ കാണാം. പ്രപഞ്ചത്തിന്റെ വലുപ്പവും മാഹാത്മ്യവും ദാവീദിനെപോലെ അറിയുവാൻ ദൈവശ്വാസിയനാകണമെന്നില്ല, സ്വാഭാവിക കാഴ്ച്ചയാൽ അറിയാം:

> നിന്റെ വിരലുകളുടെ പണിയായ ആകാശത്തെയും നീ ഉണ്ടാക്കിയ ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ, മർത്യനെ നീ ഓർക്കേണ്ടതിന്നു എന്ത്? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിനു അവൻ എന്തു മാത്രം? (സങ്കീർത്തനങ്ങൾ 8:3, 4; കൂടാതെ 33:6-9 ഉം നോക്കുക).

**ആത്മിയശക്തി**

ദൈവത്തിന്റെ ഭൗതിക സൃഷ്ടി നടത്തിയതു ഭയങ്കര - ശ്വാസിയമായിട്ടായിരുന്നു. പാപികളെ വിശുദ്ധന്മാരാക്കി മാറ്റുന്ന അവന്റെ ശക്തി താഴ്മ സൂചിപ്പിക്കുന്നതും ആവേശം ജനിപ്പി ക്കുന്നതുമാണ്. നിസാരമായ സുവിശേഷത്താൽ ദൈവത്തിന്റെ രക്ഷിക്കുന്ന ശക്തി ചെലുത്തുവാൻ കൊടുങ്കാറ്റിനായി ദൈവം ഉപയോ ഗിക്കുന്ന ശക്തിയാൽ സാധ്യമല്ല. ബോംബിനു ഭയപ്പെടുത്തുവാൻ കഴിയും, എന്നാൽ രക്ഷിപ്പാൻ കഴിയുകയില്ല. ഒരു എളിയ ദൈവപൈതലിനു ശാന്തമായി ദൈവ സ്നേഹത്തെക്കുറിച്ചു ഒരു പാപിയോടു സംസാരിക്കുവാൻ കഴിയുന്നതു ഭൂമിയിലെ മറ്റൊരു ശക്തിക്കും സാധ്യമല്ല. ആ എളിയ ദൈവദാസൻ ദൈവത്തോടുകൂടെ പ്രവർത്തിക്കുന്നു. കേൾക്കുന്ന മനുഷ്യന്റെ ആത്മാവിലേക്കു ദൈവ ശക്തി പകരുന്ന ഒരുപകരണമാണ് അവൻ. യേശുവിനെ ക്രൂശിൽ ഏല്പിച്ചതും അവനെ കല്ലറയിൽ നിന്നും ഉയിർപ്പിച്ചതുമായ സുവിശേഷം ആണ് അയാൾ പറയുന്നത്. സുവിശേഷത്തിന്റെ ശക്തി പൂർണ്ണമായും ഫലപ്രദമായി പ്രവർത്തിക്കുമ്പോൾ മൃദുല ഹൃദയ മുള്ളവർ സ്നാനപ്പെടുന്നതിനും, തങ്ങളെത്തന്നെ യേശുവിൽ ഏല്പി ക്കുന്നതും, ഒരു ശക്തിക്കും തടസ്സപ്പെടുത്താനാവില്ല. ദൈവത്തിന്റെ ആ ശക്തി - വടക്കൻ കാറ്റിന്റെ ശക്തിയല്ല അല്ലെങ്കിൽ

സൂര്യപ്രകാശത്തിന്റെ ശക്തിയുമല്ല, പക്ഷെ ദൈവ ശക്തി എന്തായാലും – സ്വാർത്ഥനും, പാപം – നിറഞ്ഞവനും ആയ (ഒരിക്കൽ ദൈവ രൂപ ത്തിൽ സൃഷ്ടിക്കപ്പെട്ട) വ്യക്തിയെ പുതിയ സൃഷ്ടിയാക്കുന്നു. ദൈവം മഹാത്ഭുതങ്ങൾ പ്രവർത്തിക്കുന്നു (സങ്കീർത്തനങ്ങൾ 86:10 നോക്കുക) ഒന്നും ചെയ്യാതെ മനുഷ്യനു, സ്വർഗ്ഗീയ ശക്തിയാൽ, നീതിയിലേക്കും സഭയിലേക്കും പ്രവേശിക്കാം.

**നിത്യ ശക്തി**

നാം വീണ്ടും ജനിച്ചതിനാൽ നമുക്കു ലഭിച്ച നന്മക്കു നാം അത്യധികം നന്ദിയുള്ളവരാകണം; അതുകൊണ്ടു നാം ജഡത്തിനപ്പുറം വീണ്ടും ജീവിക്കുന്നതുകൊണ്ടും സന്തോഷിക്കുന്നു. ഇതു വാസ്തവമായി തീരുന്നതു "വിശ്വസിക്കുന്ന നമുക്കു വേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം നിമിത്തമാണ് ..." (എഫെസ്യർ 1:19). "യേശുവിനെ ഉയിർപ്പിച്ചവൻ ഞങ്ങളെയും യേശുവോടുകൂടെ ഉയിർപ്പിച്ചു നിങ്ങളോടുകൂടെ തിരുസന്നിധിയിൽ നിറുത്തും" എന്നു അറിയുവാൻ (2 കൊരിന്ത്യർ 4:14). സകലവും നമുക്കുള്ളതല്ലൊ (1 കൊരിന്ത്യർ 3:21).

ഈ പ്രാകൃതവും, പാപവും, ശാപവും നിറഞ്ഞ മർത്യശരീരങ്ങളെ, അവന്റെ തേജസ്സുള്ള ശരീരത്തോടു, എങ്ങനെ ആകും? *എങ്ങനെ* എന്നു നമുക്കറിഞ്ഞുകൂടാ, പക്ഷെ നമുക്കു "ചോദിക്കുന്നതിലും നിനെ ക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയും" (എഫെസ്യർ 3:20) എന്നറിക. അവൻ തനിക്കു സകലവും കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാര ശക്തി കൊണ്ടു രൂപാന്തരപ്പെടുത്തും (ഫിലിപ്പിയർ 3:21); കെ ജെ വി ആകയാൽ നാം അവിശ്വാസത്താൽ തളർന്നു പോകാതെ വിശ്വാസത്തിൽ വളർന്നു ദൈവത്തെ മഹത്വപ്പെടുത്തുകയത്രെ വേണ്ടത് (റോമർ 4:20) നമ്മെ വിഷമിപ്പിക്കുന്ന കാര്യം എന്തെന്നാൽ അവനു നമ്മെ ഉയർത്തുവാനുള്ള ശക്തി മാത്രമല്ല, അവിശ്വസ്തതയുള്ള ആത്മാക്കളെ കത്തുന്ന നരക ത്തിലേക്കു തള്ളിക്കളയുവാനും ശക്തിയുണ്ട് എന്നതാണ്. അവന് അങ്ങനെ ചെയ്യുവാൻ ആഗ്രഹമില്ല എന്നാൽ അതിനുള്ള ശക്തിയുണ്ട്. (ലൂക്കൊസ് 12:5).

**"എന്നേക്കും ഉള്ള മഹത്വം "**

ദൈവത്തിന്റെ രാജത്വം ചോദ്യം ചെയ്യാനാവാത്തതും, അവന്റെ ശക്തി ഉന്നതവും അത്രേ. അവന്റെ മഹത്വം പ്രഭാപൂരിതമാണ്, ഒരു അലക്കുകാരനും നൽകുവാൻ കഴിയാത്ത വെൺമയും ഉണ്ട്. മനു ഷ്യനോ ദൂതനോ നല്കുവാൻ കഴിയുന്ന ഏതൊരു ആദരവും അവനു കൊടുപ്പാൻ കടപ്പെട്ടിരിക്കുന്നു, കാരണം നമ്മെ ഇവിടെ കൊണ്ടു വന്നതും വീണ്ടെടുക്കുന്നതും അവന്റെ കൃപയിലാണ്. എന്തുകൊണ്ടും പിതാവിനുള്ളതാണ് സകല മഹത്വവും പല കാരണങ്ങൾ കൊണ്ടും സഭയ്ക്ക് രൂപം നൽകിയ പിതാവിനുള്ളതാണ് സകല മഹത്വവും.

നല്ല ഭംഗിയുള്ള ഒരു വസ്ത്രം തയ്ച്ചു കൊണ്ടിരിക്കുന്നതു കാണുമ്പോൾ, അതുണ്ടാക്കിയ ആളെ ഞാൻ കാണുന്നില്ലെങ്കിലും,

ഞാൻ സ്വാഭാവികമായും ഒരു സമയം സ്വർഗ്ഗത്തിന്റെ ദൂതൻമാരും പ്രധാന ദൂതനും കാല സമ്പൂർണ്ണതയിൽ സ്വർഗ്ഗത്തിൽ നിന്നു താഴേക്കു നോക്കിയപ്പോൾ സഭയെ വീണ്ടെടുക്കപ്പെട്ടവരെ, വീണ്ടും - ത്യജിക്കപ്പെട്ടവരെ,വിളിച്ചു വേർതിരിക്കപ്പെട്ടവരെ കണ്ടു. ദൈവത്തിന്റെ, വിശുദ്ധീകരിക്കപ്പെട്ടവരെ സഭയായിത്തീർന്ന ആളുകളെ ദൈവത്തിന്റെ സ്വർഗ്ഗത്തിലെ സകല വാഴ്ചയുമുള്ള ദൈവത്തിന്റെ വിശുദ്ധീകരിക്കപ്പെട്ടവരെ, സഭയായിത്തീർന്ന ആളുകളുടെ ദൈവത്തിന്റെ സ്വർഗ്ഗത്തിലെ സകല വാഴ്ചകളും, അധികാരങ്ങളും. ദൈവജ്ഞാനം വലിയൊരു കാഴ്ചയാക്കിയിരിക്കുന്നത് അവർ കണ്ടു. മുൻപു ദൈവ മനസ്സിൽ ഉണ്ടായിരുന്നതെന്തുകൊണ്ടായിരിക്കും എന്നു വിചാരിച്ചവർക്കു ഒടുവിൽ അവന്റെ ജ്ഞാനം പ്രദർശിപ്പിച്ചതു കാണുവാൻ കഴിഞ്ഞു. കാരണം ദൈവം പാപികൾക്കു വിശുദ്ധരാകുവാൻ ഒരു വഴി ഒരുക്കി. എപ്പോഴെല്ലാം ഒരു മനുഷ്യനോ, ദൂതനോ സഭയുടെ മാഹാത്മ്യം പരിഗണിക്കുമ്പോൾ, മൂടുപടം നീക്കി, വെള്ള സിംഹാസനത്തിലേക്കു പറയാം അവനു സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറയായും മഹത്വം ഉണ്ടാകട്ടെ. ആമേൻ (എഫെസ്യർ 3:21).

**"ആമേൻ"**

ശിഷ്യൻമാരുടെ പ്രാർത്ഥനയിലെ അവസാന അപേക്ഷയിലെ അവസാന വാക്ക് വരുന്നതു എബ്രായ വാക്കായ (ആമേൻ) എന്നതിൽ നിന്നാണ്, അർത്ഥം "ഉറപ്പിക്കുക, സംഹരിക്കുക"എന്നതാണ്. ബൈബിളിൽ ഉടനീളം അതിന് ഈ അർത്ഥം ആണുള്ളത്. "അത് അങ്ങനെ തന്നെ ആകട്ടെ" (ആവർത്തന പുസ്തകം 27:15 –26; ദിനവൃത്താന്തം 16:36; നെഹെമ്യാവു 8:6; റോമർ 1:25; എബ്രായർ 13:21) നിങ്ങൾ ശിഷ്യൻമാരുടെ പ്രാർത്ഥന പരിശോധിക്കുമ്പോൾ അതു നിങ്ങൾക്കു പുതിയ അർത്ഥം തന്നെ തരട്ടെ.

> യഹോവേ മഹത്വവും ശക്തിയും തേജസും, യശസ്സും, മഹിമയും നിനക്കുള്ളതു സ്വർഗ്ഗത്തിലും ഭൂമിയിലുള്ളതൊക്കെയും നിനക്കുള്ളതല്ലൊ യഹോവേ രാജത്വം നിനക്കുള്ളതാകുന്നു. നീ സകലതിനും മീതെ തലവനായിരിക്കുന്നു (ദിനവൃത്താന്തം 29:11; കൂടാതെ യൂദാ 24, 25 നോക്കുക.)

---

കുറിപ്പുകൾ

[1]ജെ. ഡബ്ലി. യു. മെക്ഗാർഗവേ, *ദ ന്യൂ ടെസ്റ്റ്മെന്റ് കമെൻറി* വാല്യം 1. മാത്യൂ ആഗസ്റ്റ് മാർക്ക് കെ വൈ എൻവി, 1875; പ്രിന്റ് ഡിലൈറ്റ് ആർക്ക്: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പിനി; എൻ. ഡി 64. [2]ആൽബെർട്ട് ഹുക്ക്, *സിനോപ്സിസ് ഓഫ് ദ ഫസ്ററ് ത്രീ ഗോസ്പെൽസ്,* 9 എഡി ഈ ഡി. ഹാൻസ് ലിയെറ്റ്സ്മാൻ, ട്രാൻസ്, ഫ്രാങ്ക്ലെസ്ലി ക്രോസ് (ന്യൂയോർക്ക്: അമേരിക്കൻ ബൈബിൾ സൊസൈറ്റി, 1936).1 [3]ഗ്രീക്കു കയ്യെഴുത്തു പ്രതിയുടെ പേർ വരുന്നതു ഗ്രീക്കു അക്ഷരമാലയുടെ എട്ടാമത്തെ അക്ഷരമാലയിൽ

നിന്നാണ്. [4]ചാൾസ് ഫെമണ്ട്, ടെക്സ് ആന്റ് ഓഫ് ദ ന്യൂ ടെസ്ററമെന്റ് ഇന്റർ നാഷ്ണൽ എൻസൈക്ലോപീഡിയ ഇ ഡി ജെഫ്രി ഡബ്ലിയു ബോർമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക് ഡബ്ലിയു. എം. ബി ഏഡ് മാൻസ് പബ്ലിഷിങ്ങ് കമ്പിനി, 1988, 5.2953. [5]ജെ. ഡബ്ലിയു മെക്ക്ഗാർവെ, *എവിഡെൻസസ് ഓഫ് ക്രിസ്ത്യാനിറ്റി* (സിൻസിനാറ്റി സ്റ്റാൻഡാർഡ് പബ്ലി ഷിങ്ങ് കമ്പനി, 1886), 34. [6]സി. ജി വൈക്ക് ആന്റ് വിൽബാൾഡ് ഗ്രിം, ഏ ഗ്രീക്ക് - *ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റ്മെന്റ്*, ട്രാൻസ്, ആന്റ് റെവ ജോസഫ് എച്ച് തേയർ (എഡിൻബറോ, സ്കോട്ട്ലന്റ്, റ്റിയറ്റി ക്ലർക്ക്, 1901 റീ പ്രിന്റ് എഡി, റാപ്പിഡ്സ്, മൈക്ക് ബേക്കർ ബുക്ക് ഹൗസ്, 1977), 96, 97. [7]ഇ ബി ഡ്. [8]ബൈബിളിനെക്കുറിച്ചു മോഡേ ണിസ്റ്റ് എസ് ആർ ഡൈവർ ഇങ്ങനെ പറഞ്ഞു ബാബിലോണിയൻ പ്രസ്താവന (ക്രിയേ ഷൻ ആന്റ് ഡെലൂജ്) എന്നിവരും ബഹുദൈവവാണ്,എന്നാൽ ബൈബിളിലെ പ്രസ്താ വനകൾ (ഉല്പ 1. ഉം 6-9) ഉയർന്നതും വിശുദ്ധവുമായ ഏകദൈവവാദത്തെയാണ് കാണി ക്കുന്നത് (ഉദ്ധരിച്ചതു ജെ മെക്കീ ആഡംസ് ഏൻഷ്യൻന്റ് റിക്കാഡ്സ്, ആർക്ക് ദ ബൈബിൾ [നാഷ്വിലെ: ബ്രോഡ്മാൻ പ്രെസ്, 1946] 143). [9]ജോർജ് ഫ്രെഡറിക്ക് റൈറ്റ്, *"ദ ഡെലൂജ് ഓഫ് നോഹ"* ഇൻ *ഇന്റർ നാഷ്ണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, ഇഡി . ജെഫ്രി. ഡബ്ലിയു ബ്രോമിലെ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക് ഡബ്ലിയു എംബി ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1988), 2823. [10]ഏ. എച്ച്. ന്യൂമൻ, *ഏ മാനുവേൽ ഓഫ് ചർച്ച് ഹിസ്റ്ററി*, വാല്യം ഏൻഷ്യന്റ് ആന്റ് മിഡീവൽ ചർച്ച് ഹിസ്റ്ററി (റ്റു എ.ഡി. 1517) റെവ ആന്റ് ഇഎൻ എൽ (ഫിലദെൽഫിയ: അമേരിക്കൻ: ബാപ്റ്റിസ്റ്റ് പബ്ലിക്കേഷൻ സ്വസൈറ്റി, 1899), 36.

© 2009 Truth for Today